11035
31/8/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കൊല്ലം വൃദ്ധസദനം പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിന്റെ മുകളിൽ ഭാഗികമായി ഒരു നില കൂടി പണി കഴിപ്പിക്കുന്നതിനും പുതുതായി കിച്ചൻ ബ്ലോക്ക്, ഓഫീസ് ബ്ലോക്ക് അനുബന്ധ പ്രവൃത്തികൾ ചെയ്യുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.532/2015/സാനീവ തിരുവനന്തപുരം, തീയതി 20.08.2015

=====================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 10.07.2015 - ലെ എഫ് 5-29085/15 നം. കത്ത്

ഉത്തരവ്

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം വൃദ്ധസദനത്തിന്റെ കെട്ടിടത്തിന് മുകളിലായി ഭാഗികമായി ഒരു നില കൂടി പണികഴിപ്പിക്കുന്നതിനും പുതുതായി കിച്ചൻ ബ്ലോക്ക്, ഓഫീസ് ബ്ലോക്ക് തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നതിനും അനുബന്ധ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി 240 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൊല്ലം വൃദ്ധസദനത്തിന്റെ മുകളിൽ ഭാഗികമായി ഒരു നിലകൂടി പണികഴിപ്പിക്കുന്നതിനും കിച്ചൻ ബ്ലോക്ക്, ഓഫീസ് ബ്ലോക്ക് തുടങ്ങിയ പ്രവർത്തികൾ ചെയ്യുന്നതിനും അനുബന്ധ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി നൽകിയും ആയതിലേയ്ക്ക് 240 ലക്ഷം രൂപ (ഇരുന്നൂറ്റി നാല്പത് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 4235-60-800-98 (പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
സൂപ്രണ്ട്, ഓൾഡ് ഏജ് ഹോം, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ